# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ: 0481–2733370


## വാർത്താക്കുറിപ്പ്

**2025 ജനുവരി 6**

---

## പ്രഭാഷണം ഇന്ന്

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷൻ സംഘടിപ്പിക്കുന്ന പ്രത്യേക പ്രഭാഷണ പരിപാടി ഇന്ന്(ജനുവരി 7) നടക്കും. ദക്ഷിണാഫ്രിക്കയിലെ വിറ്റ് വാട്ടർ സ്രാന്റ് സർവകലാശാലയിലെ സെന്റർ ഫോർ ഇന്ത്യൻ സ്റ്റഡീസ് ഇൻ ആഫ്രിക്കയുടെ ഡയറക്ടർ ഡോ. ദിലീപ് എം. മേനോൻ മാനവിക വിഷയങ്ങളെയും സാമുഹ്യ ശാസ്ത്രത്തെയും വിശകലനം ചെയ്യുന്ന പുതിയ സമീപനം അവതരിപ്പിക്കും.

മഹാത്മാഗാന്ധി സർവകലാശാലയിലെ നെൽസൺ മണ്ടേല ചെയർ പ്രൊഫസർ എ.കെ. രാമകൃഷ്ണൻ അധ്യക്ഷത വഹിക്കും. കൺവെർജൻസ് അക്കാദമി കോംപ്ല ക്സിൽ രാവിലെ 10.45നാണ് പരിപാടി.

(പി.ആർ.ഒ/39/1184/2024)

## പരീക്ഷാ തീയതി

ഒമ്പതാം സെമസ്റ്റർ ബി.ആർക്ക് (2020 അഡ്മിഷൻ റെഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 29 മുതൽ നടക്കും. ജനുവരി 15 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജനുവരി 16 വരെയും സൂപ്പർ ഫൈനോടുകൂടി ജനുവരി 17 വരെയും അപേക്ഷ സ്വീകരിക്കും.

…………..

യുജി (സെമസ്റ്റർ വൈസ്) അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് 2009 നു മുമ്പുള്ള അഡ്മിഷൻ പരീക്ഷകൾക്ക് ഫെബ്രുവരി 10 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഫെബ്രുവരി 13 വരെയും സൂപ്പർ ഫൈനോടുകൂടി ഫെബ്രുവരി 15 വരെയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1185/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**